# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1655 — 3/10/2011 മറുപടിക്ക്

## തൃശ്ശൂർ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ ഗോഡൗണിലെ കീടനാശിനി ഉപയോഗം

ശ്രീ.ബാബു.എം.പാലിശ്ശേരി

ശ്രീ. ടി.എം.ജേക്കബ്
ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി

| | |
|---|---|
| (എ)തൃശ്ശൂർ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ ഗോഡൗണിൽ ജീവന് ഹാനികരമായ വിധത്തിൽ അലൂമിനിയം ഫോസ്ഫൈഡ് അടക്കമുള്ള കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റേഷൻകടകളിലൂടെ വിതരണം ചെയ്യാനുള്ള ധാന്യത്തിൽ മാരക വിഷാംശമുള്ള കീടനാശിനി ഉപയോഗിക്കുന്നതിന്റെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ; | (ബി) വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (സി) എഫ്.സി. ഐ. തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ഉദ്യോഗസ്ഥർ മുഖേന ഈ പത്രവാർത്തയിൽ അന്വേഷണം നടത്തിയിട്ടുണ്ട്. എഫ്.സി. ഐ. ഹെഡ്ക്വാർട്ടേഴ്സും ഭാരത സർക്കാരും നിർദ്ദേശിക്കുന്ന അളവിലുള്ള അലൂമിനിയം ഫോസ്ഫൈഡ് ഉൾപ്പെടെയുള്ള കീടനാശിനികളാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഉറപ്പു വരുത്തിയിട്ടുള്ളതായും ഇതിനെ സംബന്ധിച്ചിട്ടുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും എഫ്.സി. ഐ. ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ മുളങ്കുന്നത്ത്കാവ് എഫ്.സി. ഐ.ഗോഡൗണിലുള്ള സ്റ്റോക്ക്, 'ഗുഡ് ക്വാളിറ്റി സ്റ്റോക്ക് ഇഷ്യൂവബിൾ ഫ്രീ പി.ഡി.എസ്' ആണെന്ന് എഫ്.സി.ഐ. അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) മാരകമായ തോതിൽ വിഷാംശം ഭക്ഷ്യധാന്യങ്ങളിൽ തളിച്ചിട്ടുണ്ടെങ്കിൽ അവ വിതരണം ചെയ്യാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ